"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം:264/ഡിസി1/2022/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-12-2022

## സർക്കുലർ

വിഷയം:- പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ബഫർ സോൺ പ്രദേശത്തെ സ്ഥാപനങ്ങൾ വീടുകൾ മറ്റു നിർമ്മാണങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ ഉൾപ്പെടുന്ന വിവരശേഖരണം നടത്തുന്നത് സംബന്ധിച്ച സർക്കുലറിൽ - വ്യക്തത നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. IA 1000 / 2003 - WP(C) 202/1995 നമ്പർ കേസിൽ ബഹു. സുപ്രീം കോടതി 03.06.2022-ൽ പുറപ്പെടുവിച്ച ഉത്തരവ്
2. 17/12/2022 ലെ ഇതേ നമ്പർ സർക്കുലർ
3. 22/12/2022 ലെ ഇതേ നമ്പർ സർക്കുലർ

**********************

സംരക്ഷിത വനങ്ങളുടെ അതിർത്തിയിൽ നിന്ന് കുറഞ്ഞത് ഒരു കിലോമീറ്റർ ദൂരത്തിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ (ESZ)കളിൽ പെടുന്ന എല്ലാ നിർമിതികളെയും സംബന്ധിച്ച് വിവരശേഖരണം remote sensing ന്റെ സഹായത്തോടെ ചെയ്തു സമർപ്പിക്കേണ്ടതാണ് എന്ന് ബഹു. സുപ്രീം കോടതി സൂചന 1 ഉത്തരവിൽ ഖ: 44 (c) ൽ നിർദേശിച്ചിട്ടുണ്ട്. Kerala State Remote Sensing and Environment Centre (KSREC) മുഖാന്തിരം നടത്തിയ remote sensing സർവേയിൽ ലഭ്യമായ വിവരങ്ങൾ സർക്കാർ വെബ്സൈറ്റിൽ ബഹു.സുപ്രീം കോടതി നിഷ്കർഷിച്ച ഒരു കിലോമീറ്റർ ദൂരത്തിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ (ESZ) കളുടെ ഭൂപടങ്ങൾക്കൊപ്പം പട്ടികയായി നൽകിയിരുന്നു. ഇവയിൽ വിട്ടു പോയിട്ടുള്ള നിർമിതികൾ സംബന്ധിച്ച് വിവരം നല്കാൻ പ്രൊഫോർമ തയ്യാറാക്കി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

2. പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളോട് അനുബന്ധിച്ചുള്ള ഇക്കോ സെൻസിറ്റീവ് സോണുകളുടെ (ESZ) വീതി ശക്തമായ പൊതുജന താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ കുറയ്ക്കുന്നത് പരിഗണിക്കുന്നതാണ് എന്നും ഇതിനായി ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് സെൻട്രൽ എംപവേർഡ് കമ്മിറ്റി (CEC), MoEF&CC എന്നിവയെ സമീപിക്കാവുന്നതാണ് എന്നും CEC, MoEF&CCയുടെ നിർദശം പരിഗണിക്കുന്നതാണ് എന്നും സൂചന 1 ഉത്തരവിൽ തന്നെ ബഹു.സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഇളവ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജനവാസമേഖലകളെ ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോണുകളെ നിശ്ചയിക്കുന്നത് സംബന്ധിച്ച വനം വകുപ്പ് തയ്യാറാക്കിയ കരട് ഭൂപടം കൂടി വെബ്സൈറ്റിൽ

നൽകിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ വിവരശേഖരണത്തിനായി എന്തെങ്കിലും നിർമിതിയോ അനുബന്ധ പ്രവർത്തനമോ പ്രസ്തുത ഭൂപടത്തിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ ആയതും കൂടി പ്രൊഫോർമ പ്രകാരം ഉൾപെടുത്തുവാനുള്ള നടപടികൾ സംബന്ധിച്ച നിർദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൂചന 3 പ്രകാരം നൽകുകയും ചെയ്തിരുന്നു. ടി നിർദേശങ്ങൾ സംബന്ധിച്ച് ചില ചോദ്യങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ പ്രസ്തുത സർക്കുലറിൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു കൊണ്ട് സ്പഷ്ടീകരിക്കുന്നു :

3. സൂചന 3 സർക്കുലറിൽ ഖണ്ഡിക 2 ൽ ആദ്യ ഇനം 2.1 എന്ന് വായിക്കേണ്ടതാണ്. പ്രസ്തുത സർക്കുലറിലെ ഇനം 2, 3, 4 നു പകരം താഴെ പറയുംപ്രകാരം ഭേദഗതിചെയ്യുന്നു.

2.2) ജനവാസകേന്ദ്രങ്ങളെയും നിർമ്മിതികളെയും ഒഴിവാക്കിക്കൊണ്ട് പൂജ്യം മുതൽ ഒരു കിലോമീറ്റർ പരിധിയിൽ സംരക്ഷിത മേഖലയ്ക്കു ചുറ്റുമുള്ള, 2021-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച, ബഫർ സോൺ ഭൂപടത്തിന്റെ കരട് (Draft Map) ഉൾക്കൊള്ളുന്ന റിപ്പോർട്ട് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2.3) ജനവാസകേന്ദ്രങ്ങളെയും നിർമ്മിതികളെയും ഒഴിവാക്കിക്കൊണ്ടാണ് മേൽ പറഞ്ഞ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ കരട് ബഫർ സോൺ വനം-വന്യജീവി വകുപ്പ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഈ ബഫർ സോൺ പ്രദേശത്തിനകത്ത് ഏതെങ്കിലും ജനവാസകേന്ദ്രമോ നിർമ്മിതികളോ കൃഷിയിടങ്ങളോ ഉൾപ്പെട്ടു വന്നിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിലുള്ള പരാതി/ അധിക വിവരം പഞ്ചായത്തുതലത്തിൽ സ്വീകരിക്കുന്നതാണ്.

2.4) ബഹു. സുപ്രീംകോടതി നിർദ്ദേശപ്രകാരം സംരക്ഷിത മേഖലയ്ക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ ബഫർ സോണിനകത്തുള്ള നിർമ്മിതികളുടെയും മറ്റു നിർമ്മാണങ്ങളുടെയും കൃഷിയിടങ്ങളുടെയും മറ്റും റിപ്പോർട്ട് കേന്ദ്ര സർക്കാരിനും (CEC, MoEFCC), WP (Civil) No. 202/1995 ൽ 03.06.2022-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് സുപ്രീംകോടതിക്കും സമയബന്ധിതമായി സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി KSREC മുഖാന്തിരം നടത്തിയ റിമോട്ട് സെൻസിംഗ് സർവ്വേ ഭൂപടം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ സർവ്വേ നമ്പരുകളും നിർമ്മിതികളുടെ എണ്ണവും ഉൾപ്പെടുത്താൻ KSREC അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. വിട്ടുപോയിട്ടുള്ള നിർമ്മിതികളുടെയും മറ്റു നിർമ്മാണങ്ങളുടെയും കൃഷിയിടങ്ങളുടെയും മറ്റും വിവരം സൂചന 2-ലും 3-ലും പ്രതിപാദിച്ചിട്ടുള്ള പ്രൊഫോർമ ഉപയോഗിച്ച് ബന്ധപ്പെട്ടവർക്ക് **2023 ജനുവരി 7-നകം** പരാതി/ അധിക വിവരം നൽകാവുന്നതാണ്. "

4. സൂചന 3 സർക്കുലറിൽ ഖണ്ഡിക 2-ൽ 5 മുതലുള്ള ഇനങ്ങൾ 2.5 മുതൽ ക്രമത്തിൽ വായിക്കേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ ഡയറക്ടർ (അർബൻ) തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വനം-വന്യ ജീവി വകുപ്പ്
ഡയറക്ടർ, കേരള റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (Audit I Audit II) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
വനം വന്യ ജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്